# കേരളസർവകലാശാല

നം.പി.ആർ.137/2021

## പത്രക്കുറിപ്പ്

### വെർച്ചൽ ടോക്കൺ സംവിധാനം പുനഃസ്ഥാപിച്ചു

കേരളസർവകലാശാലയിൽ വെർച്ചൽ ടോക്കൺ സമ്പ്രദായം വീണ്ടു തുറന്നു. പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10.15 മുതൽ 3 മണി വരെയുള്ള സ്ലോട്ട് https://pay.keralauniversity.ac.in/kupay/home യിൽ ബുക്ക് ചെയ്തവർക്ക് മാത്രം സർവകലാശാലയുടെ പാളയം, കാര്യവട്ടം, ആലപ്പുഴ ക്യാഷ് കൗണ്ടറുകളിൽ പണം നേരിട്ട് അടയ്ക്കാം. പരീക്ഷാഫീസും മറ്റും തുടർന്നും ഓൺലൈൻ വഴി ഒടുക്കേണ്ടതാണ്.

### പുതിയ കോളേജ്/കോഴ്സ്/സീറ്റ് വർദ്ധനവ്/അധികബാച്ച് – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയ്ക്കു കീഴിൽ 2022–23 അദ്ധ്യയന വർഷത്തേക്കുള്ള പുതിയ കോളേജ്/കോഴ്സ്/സീറ്റ് വർദ്ധനവ്/അധികബാച്ച് എന്നിവയുടെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 31. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അപേക്ഷ ഫോമുകൾ സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (www.keralauniversity.ac.in). അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകളും അവശ്യരേഖകളും ഒന്നിച്ച് കവറിലാക്കി രജിസ്ട്രാർ, കേരളസർവകലാശാല, സെനറ്റ് ഹൗസ് ക്യാമ്പസ്, പാളയം – 695 034 എന്ന വിലാസത്തിൽ തപാലിലോ, നേരിട്ടോ എത്തിയ്ക്കേണ്ടതാണ്. പ്രസ്തുത കവറിനു മുകളിലായി “പുതിയ കോളേജ്/കോഴ്സ്/സീറ്റ് വർദ്ധനവ്/അധിക ബാച്ച് ഇവയ്ക്കുള്ള അപേക്ഷ” (ബാധകമായത്) എന്ന് രേഖപ്പെടുത്തേണ്ടതാണ്. ആഗസ്റ്റ് 31 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം,
14.07.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity
website: www.keralauniversity.ac.in